## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 354 | 25.06.2013 -ൽ മറുപടിക്ക്

### കെ. എസ്. ആർ. ടി. സി.-യിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം

ചോദ്യം

ശ്രീ. ആർ. സെൽവരാജ് :
" ടി. എൻ. പ്രതാപൻ :
" പി. എ. മാധവൻ :
" എ. പി. അബ്ദുള്ളക്കുട്ടി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. നടപടികൾ ത്വരിതഗതിയിലാണ്. ജി.പി.എസ്. സംവിധാനത്തിന്റെ അനുബന്ധമായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS) നടപ്പാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) | ജി.പി.എസ് സംവിധാനം വഴി കേന്ദ്രീകൃതമായി ബസ്സുകളെ നിരീക്ഷിക്കുന്നതിനും പ്രസ്തുത ബസ്സുകളുടെ വേഗത, യാത്രക്കാരുടെ എണ്ണം, സീറ്റുകളുടെ ലഭ്യത എന്നിവ കൂടാതെ ജീവനക്കാർക്ക് നേരിട്ട് നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനവും ഉദ്ദേശിക്കുന്നതിലൂടെ കോർപ്പറേഷൻ സർവ്വീസ് നടത്തിപ്പിൽ കാര്യക്ഷമതയും, കൃത്യതയും വരുത്തുവാനും യാത്രക്കാർക്ക് കൂടുതൽ നല്ല സേവനം നൽകുവാനും കഴിയും.<br>കണ്ടക്ടറുടെ കൈവശമുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുമായി ബന്ധിപ്പിച്ച് ബസ്സുകളിലെ യാത്രക്കാരുടെ എണ്ണം ലഭ്യമാക്കാനും അതിലൂടെ ബസുകളിലെ സീറ്റിന്റെ ലഭ്യത മുൻകൂട്ടി അറിയുവാനും കഴിയും. |
| (സി) | ബസ്സുകളുടെ യാത്രാ സമയം അറിയുന്നത് സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | ബസ്സിനുള്ളിൽ ഘടിപ്പിക്കുവാൻ കഴിയുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ് കടന്നു പോകുന്ന സ്ഥലവും, ബസ് അടുത്ത ബസ് സ്റ്റേഷനിൽ എത്തുന്ന സമയവും കൃത്യമായി യാത്രക്കാരന് അറിയാൻ കഴിയും. |

| | | | |
|---|---|---|---|
| | | | ഡിപ്പോയിൽ സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിലൂടെ ബസ്സുകളുടെ പോക്കു വരവു സംബന്ധിച്ച യഥാർത്ഥ സമയ വിവരം സാറ്റലൈറ്റിന്റെ സഹായത്താൽ ജി.പി.എസിലൂടെ ലഭ്യമാക്കാനും Real time റിസർവേഷൻ നടത്തുവാനും കഴിയും. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ജി.പി.എസ് സംവിധാനം നടപ്പിലാക്കാൻ C-DAC-നെയാണ് നോഡൽ എജൻസിയായി നിയമിച്ചിരിക്കുന്നത്. നോഡൽ എജൻസിയായി നിയമിച്ച C-DAC, സാങ്കേതിക വിദ്യയിൽ ഉണ്ടായിട്ടുള്ള പുരോഗതിയനുസരിച്ച് GPS സംവിധാനത്തിനായി പുതിയ ടെൻഡർ വിളിക്കുന്നതാണ് അഭികാമ്യം എന്നറിയിച്ചതിനാൽ പുതിയ Specification അനുസരിച്ച് ടെൻഡർ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ